

SPEAKER

# K. MOIDEENKUTTY HAJI

Shri K. Moideenkutty Haji, esteemed leader who graced the Chair of the Speaker of Kerala Legislative Assembly, was born as the son of Shri K. Alikutty Haji and Smt. Kunheema at Tirur on July 1, 1918. Completing his school education at Ettirikadavu L.P. School and Tirur Government High School, he worked for sometime as a teacher under Malabar District Board. In 1941 Shri Haji entered government service as a clerk in the Revenue Department. But he resigned in 1946 to venture into business.

Shri Haji entered politics through Akhila Bharathiya Seva Samithi under the leadership of Kelappaji. Starting as an active Congress worker during 1947, Shri Haji later resigned from the party in 1951 and joined Muslim League. Shri Haji was elected to Kerala

Legislative Assembly for the first time in 1957 and elected again in 1960, 1967, 1970 and 1987.

Shri Moideenkutty Haji assumed charge as the Speaker in the fourth KLA on October 22, 1970. Coming as the successor to Shri Damodaran Potti, he continued in the post till May 8, 1975. Shri Haji however opted to resign the post for political reasons. He was also the Chairman of the Public Accounts Committee during 1976-77.

Shri Haji was the Member in the Malabar District Board representing Tirur from 1954 to 1958, Jamia Nooriya Arabic College Committee (Pattikad), Pokkar Sahib Memorial College Committee and Tirurangadi Orphanage Committee. He was the Deputy Leader and Whip of Muslim League Legislature Party, Joint Secretary of Kerala State Muslim League and Secretary of Kozhikode District Muslim League. He was also the President of Trikandiyur P.C.C. Society, Tirur (1951-70) and various social and cultural organisations. He has served as Chairman of KFC, Rural Institute, Thavanur (1968-71) and S.S.M. Polytechnic, Tirur. Shri Haji was also the Vice-President of Kerala State Muslim League and the Member of State Muslim League High Power Committee.

Smt. P. Ayisha Hajjumma was his wife and they have six sons and six daughters.

Shri Moideenkutty Haji expired on September 12, 1997. The Assembly paid homage to him on December 8, 1997.

സ്പീക്കർ



## കെ. മൊയ്തീൻകുട്ടി ഹാജി

നിയമസഭാ സ്പീക്കറുടെ പദവിയിലെത്തിയ പ്രഗത്ഭനായ നേതാവ് ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി, 1918 ജൂലായ് 1-ാം തീയതി ശ്രീ. കെ. അലിക്കുട്ടി ഹാജിയുടെയും ശ്രീമതി കുഞ്ഞീമയുടെയും പുത്രനായി തിരൂരിൽ ജനിച്ചു. എട്ടിരിക്കടവ് എൽ. പി. സ്കൂൾ, തിരൂർ ഗവൺമെന്റ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം അദ്ദേഹം കുറച്ചുകാലം മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. 1941-ൽ അദ്ദേഹം റവന്യൂ വകുപ്പിൽ ഗുമസ്തനായി സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. എന്നാൽ വ്യാപാരത്തിലേർപ്പെടാൻ വേണ്ടി 1946-ൽ ഉദ്യോഗം രാജിവച്ചു.

കേളപ്പജിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട അഖിലഭാരതീയ സേവാസമിതി യിലൂടെയാണ് ശ്രീ. മൊയ്തീൻകുട്ടി ഹാജി രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്. 1947-ൽ അദ്ദേഹം കോൺഗ്രസ്സിന്റെ സജീവ പ്രവർ ത്തകനായെങ്കിലും 1951-ൽ പ്രസ്തുത പാർ ട്ടിയിൽ നിന്ന് രാജിവച്ച് മുസ്ലീം ലീഗിൽ ചേർന്നു. 1957-ലാണ് അദ്ദേഹം ആദ്യമായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടു ക്കപ്പെട്ടത്. തുടർന്ന് 1960, 1967, 1970, 1987 എന്നീ വർഷങ്ങളിലും അദ്ദേഹം നിയമ സഭയിൽ അംഗമായി.

1970 ഒക്ടോബർ 22-ാം തീയതി ശ്രീ. മൊയ്തീൻകുട്ടി ഹാജി നാലാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെ ടുക്കപ്പെട്ടു. ശ്രീ. ദാമോദരൻ പോറ്റിയുടെ പിൻഗാമിയായി സ്പീക്കർ പദവിയിലെ ത്തിയ ശ്രീ. മൊയ്തീൻകുട്ടി ഹാജി 1975 മേയ് 8 വരെ ആ സ്ഥാനം വഹിച്ചു. എന്നാൽ രാഷ്ട്രീയകാരണങ്ങളാൽ അദ്ദേഹം സ്ഥാനം രാജിവയ്ക്കുകയാണുണ്ടായത്. 1976-77 കാലയളവിൽ പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനാ യിരുന്നു അദ്ദേഹം.

1954 മുതൽ 1958 വരെ ശ്രീ. മൊയ്തീൻ കുട്ടി ഹാജി, തിരൂരിന്റെ പ്രതിനിധിയെന്ന നിലയിൽ മലബാർ ഡിസ്ട്രിക്റ്റ് ബോർ ഡിൽ അംഗമായിരുന്നു. പട്ടിക്കാട് ജാമിയ നൂറിയ അറബിക് കോളേജിന്റെയും പോക്കർ സാഹിബ് മെമ്മോറിയൽ കോളേജിന്റെയും തിരൂരങ്ങാടി ഓർഫനേ ജിന്റെയും ഭരണസമിതി അംഗമായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. മുസ്ലീം ലീഗ് നിയമസഭാകക്ഷിയുടെ ഡെപ്യൂട്ടി ലീഡ റായും വിപ്പായും പ്രവർത്തിച്ചിട്ടുള്ള ശ്രീ. മൊയ്തീൻകുട്ടി ഹാജി പാർട്ടിയുടെ സംസ്ഥാന ജോയിന്റ് സെക്രട്ടറി, കോഴിക്കോട് ജില്ലാ സെക്രട്ടറി എന്നീ പദവികളും വഹിച്ചിട്ടുണ്ട്. 1951 മുതൽ 1970 വരെ തിരൂർ, തൃക്കണ്ടിയൂർ പി.സി.സി. സൊസൈറ്റിയുടെ പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചിട്ടുള്ള ശ്രീ. മൊയ്തീൻകുട്ടി ഹാജി വിവിധ സാമൂഹ്യ, സാംസ്കാരിക സംഘടനകൾക്കും നേതൃത്വം നൽകി യിട്ടുണ്ട്. 1968-71 കാലയളവിൽ തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാനായിരുന്നു അദ്ദേഹം. കെ. എഫ്. സി. യുടെയും തിരൂർ എസ്.എസ്.എം. പോളിടെക്നി ക്കിന്റെയും ചെയർമാൻ എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു. മുസ്ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ്, ഹൈ പവർ കമ്മിറ്റി അംഗം എന്നീ സ്ഥാനങ്ങളും അദ്ദേഹം വഹിച്ചു.

ശ്രീമതി അയിഷാ ഹജ്ജുമ്മയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ആറ് പുത്രന്മാരും ആറ് പുത്രിമാരുമുണ്ട്.

1997 സെപ്റ്റംബർ 12-ാം തീയതി മുസ്ലീം ലീഗിന്റെ പ്രഗത്ഭനായ ആ നേതാവ് അന്തരിച്ചു. 1997 ഡിസംബർ 8-ാം തീയതി നിയമസഭ അദ്ദേഹത്തിന് ആദരാഞ്ജലി കൾ അർപ്പിച്ചു.